(ഡി) ചിറയൻകീഴ് താലൂക്ക്.

ശ്രീ. ററി. എസ്സ്. നാരായണയ്യർ.

(ഇ) കൊച്ചി കണയന്നൂരും, കൊടുങ്ങല്ലൂർ താലൂക്കും.

സെൻറ് ജോസ്സഫൈസ്മിൽ കോട്ടപ്പുറം.

(സി) കരാറു കൊടുത്തിരുന്നതു് ശ്രീ. ചിറയിലപ്പിള്ളി ജോസഫ് ജോണിനും ശ്രീ. പെരിഞ്ചേരി അന്തോണി പോളിനുമാണു്. കരാറനിശ്ചയം പത്തുപറ കൊള്ളുന്ന ഒരു ചാക്കു നെല്ലിനു് ഒരു രൂപാ അഞ്ചണപ്രകാരം ചാർജിനു മില്ലുകളിൽ എത്തിക്കണമെന്നാണു്

Sri. R. K. Ram: May I know the total quantity procured in Travancore during the last year?

Sri. Panampilli Govinda Menon: Sir, I claim notice

Sri. R. K. Ram: The quantity procurred from the Agasthiswaram and Thovala Taluks?

Sri. Panampilli Govinda Menon: Sir, I claim notice.

ശ്രീ. പി. നാണു: ഒരു പറ നെല്ലു കുത്തിയാൽ എത്ര അരിയാണു് ഏല്പിക്കേണ്ടതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാരോ പുവനസരിച്ചും പ്രദേശമനുസരിച്ചും അതിൽ ചില വ്യത്യാസങ്ങൾ വരുത്തുന്നുണ്ടു്.

ശ്രീ. കെ. എ. മാത്യു: കൊച്ചിയിൽ ഇപ്പോൾ നിലവിലിരിക്കുന്ന നെല്ലുകുത്തുസമ്പ്രദായം തിരുവിതാംകൂറിലേക്കും വ്യാപിപ്പിക്കുന്നതിനു ആലോചിക്കുന്നുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അക്കാര്യം ആലോചനയിലിരിക്കുന്നുണ്ടു്.

ശ്രീ. ഇട്ടീര അമ്പുക്കൻ: ഈ കരാറുകാർ കൃഷിക്കാരിൽനിന്നും നേരിട്ടു് നെല്ലു് അളന്നെടുക്കയാണൊ ചെയ്യുന്നതു്;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലു കൊടുക്കുന്നതു ഡിപ്പാർട്ട്മെൻറിൽ നന്നുമാണു്.

ശ്രീ. ഇട്ടീര അമ്പുക്കൻ: സാധാരണ കരാറുകാർ ആണു് നെല്ലു് അളന്നെടുക്കുന്നതെന്നും അങ്ങനെ അളക്കുന്നതിലേക്കു നാഴിയും ഇരുനാഴിയും കൂടുതലുള്ള പറ ഉപയോഗിക്കുന്നു എന്നും അറിയാമൊ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് എൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: ഈ മില്ലുകാരു ശരിയായി ഏല്പിക്കേണ്ട അരി എല്പിക്കാതെ കാറു വരുത്തിയതിലേക്കുള്ള പണം ഗവൺമെൻറിലേക്കു കിട്ടാനുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഉണ്ടെന്നാണു് എൻെറ ഓർമ്മ.

ശ്രീ. പി. കെ. ഡീവർ: അങ്ങനെ കിട്ടാനുള്ളതിനു എത്ര പഴക്കമുണ്ടെന്നു അറിയാമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 1948-ലും 1949-ലും ആണെന്നാണു് ഓർമ്മ.

ശ്രീ. പി. കെ. ഡീവർ: അതിലേക്കു് എന്തുനടപടിയാണു് എടുത്തിട്ടുള്ളതെന്നു പറയാമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് നോട്ടീസു് വേണം.

സാധുവിദ്യാർത്ഥികൾക്കുള്ള സഹായധനം

* 1. (ക) സാഹിബ് ബഹദൂർ വി. ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ

(എ) 1948-49-ൽ തിരുവിതാംകൂർകൊച്ചിരാജ്യങ്ങളിലുള്ള കോളേജുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന സാധുവിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കു് സഹായധനമായി ആകെ എത്രയുക ഗവൺമെൻറ് അനുവദിച്ചിട്ടുണ്ടു്;

(ബി) സഹായധനം ലഭിക്കുന്നതിനു് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തു്;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പൂർണ്ണവിവരങ്ങൾ കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എ. മാത്യു: കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന എക്സ് സർവ്വീസ് സ്റ്റുഡൻസിനു് സഹായധനം കൊടുക്കുന്നുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് നോട്ടീസു് വേണം.

LIBRARY ARCHIVES Kerala Legislative Assembly